(സി) പാലുല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാൻ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. പച്ചപ്പുൽ കൃഷി വ്യാപന പരിപാടി.
2. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.
3. സംഘടിത വിപണന പ്രവർത്തനം മെച്ചപ്പെടുത്തൽ.
4. ഗുണമേന്മയുള്ള സമീകൃത കാലിത്തീറ്റ ന്യായമായ വിലയ്ക്ക് പൊതുമേഖലയിലും സഹകരണമേഖലയിലും ഉൽപ്പാദിപ്പിച്ച് കർഷകന് ലഭ്യമാക്കുക.
5. സമ്പൂർണ്ണ കന്നുകാലി രോഗവിമുക്ത മേഖല നടപ്പിലാക്കുക.
6. കൂടുതൽ പാലുല്പാദനം നടത്തുന്നതിന് ആവശ്യമായ പോഷണ പരിഷ്കരണ നടപടികൾ കെ.എൽ.ഡി. ബോർഡിൽ നടപ്പിലാക്കുക.
7. മെച്ചപ്പെട്ട പ്രചാരണ പരിപാടികൾ നടപ്പിലാക്കുക.

അന്യ സംസ്ഥാനങ്ങളിൽ നിന്നു വരുന്ന പാലിന്റെ ഗുണനിലവാരം

81 [1213] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽ നിന്ന് എത്ര അളവ് പാൽ ദിവസവും സംസ്ഥാനത്തേക്ക് വരുന്നുണ്ട് എന്ന് കണക്ക് എടുത്തിട്ടുണ്ടോ; എങ്കിൽ അവ വെളിപ്പെടുത്താമോ;

(ബി) തമിഴ്നാട്ടിൽ നിന്ന് അനധികൃതമായി പാൽ സംസ്ഥാനത്തേക്ക് കൊണ്ടുവരുന്നുണ്ടെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇങ്ങനെ എത്തുന്ന പാലിൽ ഹാനികരമായ വിഷപദാർത്ഥങ്ങൾ അടങ്ങിയിട്ടുണ്ട് എന്ന റിപ്പോർട്ടിനെക്കുറിച്ച് സർക്കാരിന് അറിവുണ്ടോ;

(ഡി) അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പാലിന്റെ ഗുണനിലവാര പരിശോധനയ്ക്ക് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) കൃത്യമായി കണക്കെടുത്തിട്ടില്ല.

(ബി) പ്രവേശന നികുതി നൽകാതെ തമിഴ്നാട്ടിൽ നിന്നും അനധികൃത മായി പാൽ കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇതിനായി ആവശ്യമായ പരിശോധനകൾ നടത്തുന്നതിന് ക്ഷീര വികസന വകുപ്പിനും, ആരോഗ്യ വകുപ്പിനും സംവിധാനം ഉണ്ട്. കൂടാതെ മിൽമ കൊണ്ടുവരുന്ന പാൽ പരിശോധിക്കുന്നതിനാവശ്യമായ ആധുനിക സംവിധാനങ്ങൾ മിൽമയുടെ എല്ലാ ഡയറി പ്ലാന്റുകളിലും നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly